നം.പി.എൽ.2/39419/2018

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി : 02/09/2019

## പരിപത്രം

സർ,

വിഷയം :- ജലസേചനം - ഹരിതകേരളം മിഷൻ - ജലസമൃദ്ധി ഉപമിഷൻ - ജലലഭ്യത കണക്കാക്കൽ - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :-
1. കേരള ജലസേചനവും ജലസംരക്ഷണവും നിയമം, 2003 (വിവിധ വകുപ്പുകൾ)
2. ബഹു. കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 01.08.2019 ന് ചേർന്ന ഹരിതകേരളം മിഷൻ യോഗം.
3. 30.07.2018 ന് ചേർന്ന ഹരിതകേരളം മിഷൻ യോഗതീരുമാനം (നമ്പർ 16)
4. 19.04.2017 ലെ സർക്കാർ ഉത്തരവ് (പി) നം. 10/2017/അ.സ.വ
5. 23.10.2017 ലെ സ.ഉ(പി) നം. 20/2017/ജ.വി.വ

-------------------

സൂചന (1) പ്രകാരം ജലസംരക്ഷണം ജലസേചനസൗകര്യമൊരുക്കൽ, ജലസ്രോതസ്സുകളുടെ സംരക്ഷണം തുടങ്ങിയവ ജലസേചനവകുപ്പ് നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങളിൽപ്പെടുന്നതാണ്. സൂചന (4) പ്രകാരം നവകേരളം കർമ്മപദ്ധതിയുടെ മാർഗ്ഗരേഖ പ്രസിദ്ധീകരിക്കുകയും, സൂചന (5) പ്രകാരം ജലസംരക്ഷണ ഉപദൗത്യപ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും ചെയ്തു.

സൂചന (2), (3) പ്രകാരം ജലവിഭവ ആസൂത്രണവും വിനിയോഗവും കൂടുതൽ കാര്യക്ഷമവും ശാസ്ത്രീയവുമാക്കുന്നതിനും, ഓരോ പ്രദേശത്തെയും ജലവിഭവലഭ്യത അറിയുന്നതിനും ജലബജറ്റ് തയ്യാറാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിച്ചു. അതിൻപ്രകാരം, ജലസേചനവകുപ്പ് മുഖേന പുനരുദ്ധാരണസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുന്ന കുളങ്ങൾ/ചിറകൾ എന്നിവയിൽ ജലസംഭരണശേഷി അറിയുന്നതിനും വിനിയോഗം നിശ്ചയിക്കുന്നതിനും സഹായകമായ തരത്തിൽ "ജലനിലസ്കെയിൽ" സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. . എന്നാൽ, ഇക്കാര്യം കൃത്യമായി പാലിക്കപ്പെടുന്നില്ല എന്നും, കുളം/ചിറ നവീകരണത്തിനായി തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ചിലതിൽ ഇത് ഉൾപ്പെടുന്നില്ല എന്നും കാണുന്നു. 01.08.2019 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷ

തയിൽ കൂടിയ യോഗത്തിൽ ജലനില അറിയുന്നതിനുള്ള സ്കെയിൽ സ്ഥാപിക്കുന്നതിന് മുൻഗണന നൽകണമെന്ന് തീരുമാനമുണ്ടായി. കൂടാതെ, ജലബജറ്റിംഗ് നടത്തണമെങ്കിൽ ഓരോ ജലസ്രോതസ്സിലും നിലവിൽ ലഭ്യമായ ജലത്തിന്റെ അളവ് ലഭ്യമാക്കേണ്ടതുണ്ട്. ഇക്കാര്യങ്ങളുടെ അടിസ്ഥാനത്തിൽ, കുളം/ചിറ എന്നിവയുടെ പുനരുദ്ധാരണം/സംരക്ഷണവുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ഇതിനാവശ്യമായ ഘടകം കൂടി ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ
(ജലസേചനവും ഭരണവും)

പകർപ്പ്

1. ജലസേചനവകുപ്പിലെ എല്ലാ ചീഫ് എഞ്ചിനിയർമാർക്കും
2. സൂപ്രണ്ടിംഗ് എഞ്ചിനിയർ, മൈനർ ഇറിഗേഷൻ/ഇറിഗേഷൻ
3. ഇറിഗേഷൻ വകുപ്പ് വെബ്സൈറ്റ്
4. എക്സിക്യൂട്ടീവ് എഞ്ചിനിയർ, ഇറിഗേഷൻ (വർക്സ്) ഡിവിഷൻ, O/o ചീഫ് എഞ്ചിനിയർ (ഐ & എ) ഓഫീസ്.
5. ഫയൽ കോപ്പി